DESPATCHED
On 8/1/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം**

**ഹർജി നമ്പർ സി.പി. 523(3)/2020/എസ്.ഐ.സി.**

**ഉത്തരവ് തീയതി : 30.11.2020**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ഡോ.എം.സുരേഷ്കുമാർ,<br>ശീവേലിക്കോണത്തുവീട്, മാമം, കിഴുവിലം പി.ഒ,<br>ആറ്റിങ്ങൽ, തിരുവനന്തപുരം.** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ആയുഷ് (ബി) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.** | **എതിർകക്ഷി** |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 26.08.2020 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 11.09.2020 |
| ഹർജിക്കാരന്റെ പരാതി കൈപ്പറ്റിയ തീയതി | 14.09.2020 |

## ഉത്തരവ്

30.11.2020 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജി ഓഡിയോ കോൺഫറൻസിലൂടെ തീർപ്പാക്കുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്ന് കാണിച്ച് 22.10.2020 ന് 8955/എസ്.ഐ.സി–ജി1/2020 എന്ന കത്ത് മുഖേന ഇരുകൂട്ടർക്കും കമ്മീഷൻ ജോയിന്റ് സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ പരാതി ഹർജിയും അനുബന്ധ രേഖകളും പരാതി ഹർജിക്കാരന്റെ നേരിട്ടുള്ള വിശദീകരണവും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം ഉത്തരാവുന്നു.

2. ആയുഷ് സെക്രട്ടറിയുടെ B1/89/2020/AYUSH (dated 01.06.2020) നമ്പർ സർക്കുലറിൽ പറയുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും സ്വകാര്യ പ്രാക്ടീസ്

നടത്തുന്ന ഹോമിയോ ഡോക്ടർമാർക്ക് ബാധകമാണോയെന്ന ചോദ്യം ഉന്നയിച്ചു കൊണ്ട് ആയുഷ് വകുപ്പിലെ എസ്.പി.ഐ.ഒ യ്ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് "വിശദീകരങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, സംശയ നിവൃത്തി ഉണ്ടാകുക, പരാതികൾക്ക് പരിഹാരം തേടുക തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ അല്ലാത്തതിനാൽ സൂചന പ്രകാരമുള്ള താങ്കളുടെ അപേക്ഷയിലെ ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്ന വിവരം അറിയിക്കുന്നു;" എന്ന മറുപടി ലഭിച്ചതിനെതിരെയാണ് അപേക്ഷകനായ ശ്രീ എം.സുരേഷ് കുമാർ ഈ പരാതി ഹർജി കമ്മീഷനിൽ സമർപ്പിച്ചത്.

3. ഈ പരാതി ഹർജി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും, ടെലഫോണിക് ഹിയറിംഗിലൂടെ എസ്.പി.ഐ.ഒ യുടെ വിശദീകരണം തേടുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്നും കമ്മീഷനു വേണ്ടി കമ്മീഷൻ ജോയിന്റ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നെങ്കിലും ഇത് രണ്ടും എസ്.പി.ഐ.ഒ അനുസരിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ പരാതി ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ യ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു.

4. ഹർജിക്കാരൻ ഒരു ഹോമിയോ ഡോക്ടറാണ്. ആയുഷ് സെക്രട്ടറിയുടെ 01.06.2020 ലെ B1/89/2020/AYUSH എന്ന ഉത്തരവിൽ ജലദോഷം, തൊണ്ടവേദന, പനി തുടങ്ങിയ ലക്ഷണവുമായി വരുന്ന രോഗികളെ ആയുഷ് ഡോക്ടർമാർ ചികിത്സിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിരിക്കുന്നതിനാൽ, മുകളിൽ പറഞ്ഞ ലക്ഷണവുമായി വരുന്ന രോഗികൾക്ക് ചികിത്സ നൽകേണ്ടത് തന്റെ പ്രൊഫഷൻ ഉത്തരവാദിത്വം ആയതിനാൽ ടി ഉത്തരവ് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഹോമിയോ ഡോക്ടർമാർക്കും ബാധകമാണോ എന്നറിയുവാനാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നാണ് ഹർജിക്കാരൻ കമ്മീഷനിൽ ബോധിപ്പിച്ചിരിക്കുന്നത്.


RIGHT TO INFORMAT

5. എവിടെയും രേഖപ്പെടുത്തിയിട്ടില്ലാത്ത അഭിപ്രായങ്ങൾ തേടുക എന്നതും, വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ എന്നിവ തേടുന്നതും, സംശയദൂരീകരണവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്ന എസ്.പി.ഐ.ഒ യുടെ വിശദീകരണവും ശരിയായിട്ടുള്ളതാണ്. എന്നാൽ അത്തരം അഭിപ്രായങ്ങളും വിശദീ കരണങ്ങളും രേഖപ്പെടുത്തിയിട്ടുള്ളതാണെങ്കിൽ അത് നിശ്ചയമായും പൊതു അധികാര സ്ഥാനത്തിന്റെ അധീനതയിലുള്ള വിവരങ്ങൾ തന്നെയാണ്. അത് വിവരാവ കാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണ്. വിവരാവകാശ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ആയുഷ് സെക്രട്ടറിയുടെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഫയലിലെ നോട്ട് ഫയലിൽ അത് സംബന്ധിച്ച വിശദീകരണം ഉണ്ടാകേണ്ടതാണ്. അത്തരം ഒരു ഉത്തരവ് ഇറക്കുവാനുണ്ടായ സാഹചര്യം പ്രസ്തുത ഫയലിൽ ഉണ്ടാകും. രോഗലക്ഷണവുമായി തന്റെ മുമ്പിൽ വരുന്ന രോഗിയെ ചികിത്സിക്കുവാൻ പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ തനിക്ക് നിയമപരമായ സ്വാതന്ത്ര്യം ഉണ്ടോ ഇല്ലയോ എന്നത് ഒരു ഡോക്ടറെ സംബന്ധിച്ചിടത്തോളം ടിയാനെ അലട്ടുന്ന ഒരു പ്രശ്നം തന്നെയാണ്. അതിന് എസ്.പി.ഐ.ഒ സമർപ്പിച്ച മറുപടി ഉചി തമായിട്ടുള്ളതല്ല. ആയതിനാൽ ടി ഫയൽ പൂർണ്ണമായും വിശദമായി പരിശോധിച്ച്, പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം എന്താണെന്ന് മനസ്സിലാക്കി മറുപടി ഹർജിക്കാരന് നൽകുവാൻ എസ്.പി.ഐ.ഒ ബാധ്യസ്ഥനാണ്. അത്തരം മറുപടി ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം, രേഖകളുടെ പകർപ്പ് ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ അത് സഹിതം, ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണെന്ന് ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 30-ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN

STATE INFORMATION COMMISSION



RIGHT TO INFORMAT